**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **08-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ എത്ര മൃഗാശുപത്രികളിലാണ് സ്ഥിരമായി ഡോക്ടർമാരില്ലാത്തതെന്ന് അറിയിക്കാമോ; മൃഗാശുപത്രികളിൽ വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഒന്ന്. നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം മൃഗാശുപത്രികളിലാണ് രാത്രികാലങ്ങളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും രാത്രികാല ഡോക്ടർമാരുടെ വേതനം നൽകുന്നതിനാവശ്യമായ തുക അനുവദിക്കേണ്ടത് ആരാണെന്നും വിശദമാക്കാമോ; | (ബി) | നിലമ്പൂർ മൃഗാശുപത്രിയിൽ മാത്രമാണ് രാത്രികാല വെറ്ററിനറി സേവനം നിലവിലുള്ളത്, അവിടെ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നത് മൃഗസംരക്ഷണ വകുപ്പിൽ നിന്നാണ്. |
| (സി) | മലപ്പുറം ജില്ലയിൽ ക്ഷീര കർഷകർകരെ സഹായിക്കുന്നതിനായി വീട്ടുപടിക്കൽ ചികിത്സ എന്ന മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മലപ്പുറം ജില്ലയിലേക്ക് പുതുതായി മൊബൈൽ യൂണിറ്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇല്ല. മലപ്പുറം ജില്ലയിലേക്ക് പുതുതായി മൊബൈൽ യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ